പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 114 29-9-2016-ലെ മറുപടിക്ക്

## കലാ-കായിക അദ്ധ്യാപക നിയമനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>" പി.കെ.കുഞ്ഞാലിക്കുട്ടി<br>" പി.ഉബൈദുള്ള<br>" വി.കെ.ഇബ്രാഹിം കുഞ്ഞ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സർക്കാർ സ്കൂളുകളിൽ കലാ-കായിക അദ്ധ്യാപക നിയമനങ്ങൾ നടത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമനങ്ങൾ നടത്താത്തതിന്റെ കാരണങ്ങൾ വിശദ മാക്കുമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ സർക്കാർ സ്കൂളുകളിലും കലാ, കായിക, പ്രവൃത്തി പരിചയ അദ്ധ്യാപകരുടെ തസ്തികകൾ സൃഷ്ടിക്കാൻ കെ.ഇ.ആർ പ്രകാരം കഴിയില്ല. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം അഞ്ഞൂറോ അതിൽ കൂടുതലോ കുട്ടികൾ പഠിക്കുന്ന യു.പി.സ്കൂളുകളിൽ/യു.പി.വിഭാഗത്തിൽ, ഏതെങ്കിലും ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികയും ഹൈസ്കൂൾ വിഭാഗത്തിൽ കലാ, കായിക, പ്രവൃത്തിപരിചയ വിഷയങ്ങൾക്ക് ആഴ്ചയിൽ 5 പീരീഡുകൾ എങ്കിലും ലഭ്യമാണെങ്കിൽ പ്രസ്തുത വിഷയങ്ങളിൽ അദ്ധ്യാപക തസ്തികകളും അനുവദിക്കുന്നുണ്ട്. ഇപ്രകാരം തസ്തിക അനുവദിക്കുമ്പോൾ തയ്യൽ അദ്ധ്യാപക തസ്തിക അനുവദിക്കണമെങ്കിൽ 200 പെൺകുട്ടികൾ ഉണ്ടായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. ഈ മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കുന്ന തസ്തികകളിലാണ് സർക്കാർ സ്കൂളുകളിൽ നിയമനം നടത്തുന്നത്. ഇപ്രകാരം റഗുലർ തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ കുട്ടികളുടെ അഭാവം മൂലമാണ് ഭൂരിഭാഗം സർക്കാർ സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകൾ അനുവദിക്കാൻ കഴിയാത്തത്. |

ബി) വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം കായികാദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട ഫണ്ട് നഷ്ടമാകാൻ ഇടയായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

ബി) ഉണ്ട്. വിദ്യാഭ്യാസ അവകാശ നിയമം 2009 -ൽ 6 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ ആകെ 100-ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ കലാ,കായിക, പ്രവൃത്തി പരിചയ വിഷയങ്ങളിൽ പാർട്ട്-ടൈം ഇൻസ്ട്രക്ടർമാരെ നിയമിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുൻ സാമ്പത്തിക വർഷങ്ങളിൽ പാർട്ട് -ടൈം ഇൻസ്ട്രക്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാതിരുന്നതിനാൽ അതിനായി അനുവദിച്ചിരുന്ന കേന്ദ്ര ഫണ്ട് വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

സി) വിദ്യാർത്ഥികൾക്ക് കലാ -കായിക, പ്രവൃത്തി പരിചയ മേഖലകളിൽ ബോധനം നൽകാൻ യോഗ്യത നേടിയ അദ്ധ്യാപകരെ നിയമിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

സി) വിദ്യാർത്ഥികൾക്ക് കലാ കായിക മേഖലകളിൽ ബോധനം നൽകുന്നതിലേക്കായി 2016-17 വർഷം സംസ്ഥാനത്തെ അർഹമായ എല്ലാ വിദ്യാലയങ്ങളിലും പാർട്ട്-ടൈം ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ